**പതിമൂന്നാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2276 — 18.02.2016-ൽ മറുപടിയ്ക്ക്

## പുതിയ മെഡിക്കൽ കോളേജുകളുടെ നിർമ്മാണ പുരോഗതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മോൻസ് ജോസഫ്**<br>**ശ്രീ.റ്റി.യു. കുരുവിള** | **ശ്രീ. വി.എസ്. ശിവകുമാർ**<br>**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | ആരോഗ്യ മേഖലയ്ക്ക് ദിശാബോധം നൽകുന്ന പുതിയ മെഡിക്കൽ കോളേജുകളുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ; | (എ) | മഞ്ചേരി, ഇടുക്കി മെഡിക്കൽ കോളേജുകൾ നിലവിൽ വന്നു. കോന്നി, തിരുവനന്തപുരം ജി.എച്ച് മെഡിക്കൽ കോളേജുകൾക്ക് പ്രിൻസിപ്പാൾ ഓഫീസ് നിലവിൽ വന്നു. കാസർഗോഡ്, വയനാട് മെഡിക്കൽ കോളേജുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ നടപടി നടന്നു വരുന്നു. |
| (ബി) | ആശുപത്രികളുടെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കുന്നതിന് മരുന്നുകളുടെ ലഭ്യത, ജീവനക്കാരുടെ സാന്നിദ്ധ്യം, ലാബ് സംവിധാനങ്ങളുടെ പ്രവർത്തനം ഉറപ്പ് വരുത്തൽ എന്നീ കാര്യങ്ങളിൽ ശ്രദ്ധ നൽകുന്നതിനാവശ്യമായ പ്രത്യേക മോണിറ്ററിംഗ് സംവിധാനം ലഭ്യമാക്കുമോ; | (ബി) | ആശുപത്രികളുടെ പ്രവർത്തനം അതാത് ആശുപത്രി സൂപ്രണ്ടുമാർ സ്ഥാപനതലത്തിലും ജില്ലാ മെഡിക്കൽ ഓഫീസർമാരുടെ തലത്തിൽ ജില്ലകളിലും സംസ്ഥാനതലത്തിൽ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ് വഴിയും മോണിറ്റർ ചെയ്തു വരുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിൽ പ്രവർത്തിച്ച് വരുന്ന ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികൾ ആശുപത്രികളുടെ പ്രവർത്തനം വിലയിരുത്താറുണ്ട്. മരുന്നുകളുടെ ലഭ്യത, ലാബ് സംവിധാനങ്ങളുടെ പ്രവർത്തനം, ആശുപത്രികളുടെ പൊതു പ്രശ്നങ്ങൾ എന്നിവ ജില്ലാതലത്തിലും സംസ്ഥാനതലത്തിലുമുള്ള അവലോകന യോഗങ്ങൾ വിശദമായി ചർച്ച ചെയ്ത് അവയ്ക്ക് പരിഹാര നടപടികൾ എടുത്തുവരുന്നു. ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ അഡീഷണൽ ഡി.എച്ച്.എസ്, ഡെപ്യൂട്ടി ഡി.എച്ച്.എസ്, അസിസ്റ്റന്റ് ഡയറക്ടർമാർ, ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർമാർ എന്നിവർക്ക് ഓരോ ജില്ലകളുടെ മേൽനോട്ട ചുമതല നൽകിയിട്ടുണ്ട്. |
| (സി) | സർക്കാർ ആശുപത്രികൾ വൃത്തിയായി സൂക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | സർക്കാർ ആശുപത്രികളുടെ ശുചിത്വം ഉറപ്പുവരുത്തുന്നതിനായി പ്രാഥമിക/സാമൂഹിക/താലൂക്ക്/ജില്ലാ/ജനറൽ ആശുപത്രികളിലായി 200 ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ് -2 ന്റെയും പാർട്ട് ടൈം സ്വീപ്പറുടെ 39 തസ്തികയും പുതുതായി സൃഷ്ടിക്കപ്പെട്ടു. ആശുപത്രി സൂപ്രണ്ടുമാർ, ആർ.എം.ഒ മാർ, നഴ്സിംഗ് ഓഫീസർമാർ / നഴ്സിംഗ് സൂപ്രണ്ടുമാർ തുടങ്ങിയവർ ആശുപത്രി ശുചിത്വവുമായി ബന്ധപ്പെട്ട കാര്യങ്ങൾ മേൽനോട്ടം നൽകികൊണ്ട് പ്രത്യേകമായ സാനിറ്ററി റൗണ്ട്സ് നടത്തി പ്രശ്നങ്ങൾ പരിഹരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ